## പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 308 01.12.2014 ന് മറുപടിയ്ക്ക്**

**മുല്ലപ്പെരിയാർ- പാരിസ്ഥിതിക നിയമ ലംഘന കേസ്**

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. എ.കെ. ശശീന്ദ്രൻ** | **ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)** |
| (എ) മുല്ലപ്പെരിയാർ കേസിൽ സുപ്രീം കോടതിയിൽ നൽകിയ പുനരവലോകന ഹർജിയിൽ ഏതെല്ലാം വിഷയങ്ങളാണ് ഉന്നയിച്ചിരിയ്ക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) കേരളവും തമിഴ് നാടും തമ്മിലുള്ള O.S.No. 3/2006-)ം കേസിന്റെ 7.5.2014 ലെ വിധി പുനഃപരിശോധിക്കുക, ഈ വിഷയവുമായി ബന്ധപ്പെട്ട് യോജിച്ച രീതിയിൽ ഉത്തരവോ, ഉത്തരവുകളോ ബഹു. സുപ്രീം കോടതി പുറപ്പെടുവിക്കുക എന്നിവയാണ് ആവശ്യങ്ങൾ |
| (ബി) 1970 ലെ ഫോറസ്റ്റ് ആക്ടിന്റെ വയലേഷൻ റിവ്യൂ ഹർജിയിൽ വൈൽഡ് ലൈഫ് ആക്ടിന്റെ ലംഘനങ്ങൾ ചൂണ്ടികാണിച്ചിട്ടുണ്ടോ; | (ബി) ഇല്ല. 2006 ലെ ബഹു. സുപ്രീം കോടതി വിധിന്യായത്തിൽ ഈ നിയമങ്ങളെല്ലാം തന്നെ പരിഗണിച്ചിട്ടുണ്ട്. 2014 ലെ വിധിന്യായത്തിലും മുൻ വിധിന്യായം പരിഗണിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ പുനഃ പരിശോധനാ ഹർജിയിൽ ടി കാര്യം വീണ്ടും ചൂണ്ടികാണിക്കേണ്ടതില്ലായെന്ന് ബഹു. സുപ്രീം കോടതിയിലെ സർക്കാർ അഭിഭാഷകൻ അഭിപ്രായപ്പെട്ടിരുന്നു. |
| (സി) പാരിസ്ഥിതിക നിയമത്തിന്റെ ലംഘനങ്ങൾ ചൂണ്ടികാണിച്ച് ഇടുക്കിയിലെ ആദിവാസി മന്നൻ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തത് സുപ്രീം കോടതിയ്ക്ക് റഫർ ചെയ്ത ശേഷം അതിന്മേൽ സർക്കാർ കക്ഷി ചേരുകയോ അതിലെ വാദമുഖങ്ങൾ റിവ്യൂ ഹർജിയിൽ ഉന്നയിയ്ക്കുകയോ | (സി) ബഹു. സുപ്രീം കോടതിയിലേയ്ക്ക് ട്രാൻഫർ ചെയ്ത കേസുകളിൽ കേരളത്തിന്റെ വാദങ്ങൾ ശക്തിപ്പെടുത്തുന്നതിനായി കേരളാ ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, പീച്ചി തയ്യാറാക്കിയ "Environmental & Research Impact Assessment of increasing the water level at Periyar lake in Periyar Tiger Reserve from 136 ft to 152 ft" എന്ന പഠന റിപ്പോർട്ട് എക്സിബിറ്റ് ആയി ബഹു. സുപ്രീം |

ചെയ്തിട്ടുണ്ടോയെന്നറിയിക്കുമോ?

കോടതിയിൽ ഫയൽ ചെയ്തിരുന്നു. ടി റിപ്പോർട്ടിൽ ജലനിരപ്പിന്റെ ഉയർത്തൽ വനം വന്യജീവികളുടെയും മനുഷ്യരുടെയും ആവാസ വ്യവസ്ഥയ്ക്ക് ഉണ്ടാകുന്ന ആഘാതങ്ങളെക്കുറിച്ച് സവിസ്തരം പ്രതിപാദിച്ചിരുന്നു. ആദിവാസി മന്നൻ വികസന സമിതി കേരള തമിഴ്നാട് സർക്കാരുകൾക്കെതിരായി ഫയൽ ചെയ്തിരുന്ന കേസ്സുകൾ ബഹു. സുപ്രീം കോടതിയിലേയ്ക്ക് മാറ്റുകയും WP-386/2001(Mullaperiyar Environmental Protection Forum Vs Union of India & others) എന്ന കേസിനോടൊപ്പം തീർപ്പാക്കുകയും ചെയ്തു. തമിഴ്നാട് ബഹു. സുപ്രീം കോടതിയിൽ O.S No. 3/2006 കേസ് ഫയൽ ചെയ്തപ്പോൾ വനം വന്യജീവി ആദിവാസി സംരക്ഷണം സംബന്ധിച്ച കേരളത്തിന്റെ വാദങ്ങൾക്ക് മൂർച്ചകൂട്ടുന്നതിനായി Regional Vice Chairman (South Asia) Commission on Eco system Management IUCN, ഡോ. ധ്രുബജ്യോതി ഘോഷ് ചെയർമാനായി ഒരു നാഷണൽ എക്സ്പേർട്ട് കമ്മിറ്റി രൂപീകരിക്കുകയും വിവിധ വന്യജീവി നിയമങ്ങളെ സംബന്ധിച്ചും ജല നിരപ്പ് ഉയർത്തുന്ന പക്ഷം ഉണ്ടാകുന്ന പ്രത്യാഘാതങ്ങളെ കുറിച്ചും പ്രതിപാദിച്ചുകൊണ്ട് "An Assessment of the Ecological Impact of water level increases at Mullaperiyar Dam" എന്ന കമ്മിറ്റി റിപ്പോർട്ട് ബഹു. സുപ്രീം കോടതിയിൽ സമർപ്പിക്കുകയും ചെയ്തു. എന്നാൽ കേസ് പരിഗണിച്ച കോടതി കേരളത്തിന്റെ ഈ വാദങ്ങൾക്ക് യാതൊരുവിധത്തിലുള്ള പ്രാധാന്യവും നൽകിയില്ല. ജലനിരപ്പ് ഉയരുന്നത് വനം വന്യജീവികൾക്കു കൂടുതൽ അനുകൂലമായിരിക്കും എന്നാണ് കോടതി നിരീക്ഷിച്ചത്.

Adithyan

സെക്ഷൻ ഓഫീസർ